**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1542** **19-06-2024 - ൽ മറുപടിയ്ക്ക്**

**തീരദേശവാസികൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തീരദേശവാസികളിൽ താമസസ്ഥലത്തിനു വേണ്ടിയുള്ള പട്ടയത്തിന് അപേക്ഷ നൽകി വർഷങ്ങളായിട്ടും പട്ടയം ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ തീരദേശവാസികളിൽ താമസസ്ഥലത്തിനു വേണ്ടിയുള്ള പട്ടയത്തിന് അപേക്ഷ നൽകി വർഷങ്ങളായിട്ടും പട്ടയം ലഭിക്കാത്ത കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം ലഭിക്കുന്നത് ഉറപ്പാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | തീരദേശ മേഖലകളിലെ അപേക്ഷകർ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കും പട്ടയം അനുവദിക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആയതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ പട്ടയ മിഷൻ രൂപീകരിച്ചിട്ടുള്ളതും, പട്ടയ മിഷന്റെ നേതൃത്വത്തിൽ പട്ടയ ഡാഷ് ബോർഡ് അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ കടൽ പുറമ്പോക്ക് സർവ്വെ ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ High Tide Line നിർണ്ണയിച്ച് പ്രസ്തുത Line-ൽ നിന്നും 30 മീറ്റർ മാറിയുള്ളതും ദുരന്തസാധ്യതയില്ലാത്തതുമായപ്രദേശത്തെ അപേക്ഷകൾ ചട്ടപ്രകാരം പരിഗണിച്ച് പതിവ് നടപടികൾ സ്വീകരിക്കുവാൻ അദാലത്തുകളിൽ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വെ ചെയ്യാതിടങ്ങളിൽ പ്രസ്തുത സ്ഥലങ്ങൾ സർവ്വെ ചെയ്യുന്നതിനായി സർവ്വെ അതിരടയാള നിയമം പ്രകാരം സർവ്വെക്കുള്ള കരട് വിജ്ഞാപനം തയ്യാറാക്കി സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത അപേക്ഷകരിൽ എത്ര പേർക്ക് ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ പട്ടയം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത അപേക്ഷകരിൽ ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ പട്ടയം നൽകിയിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം –1

| ക്രമ നം. | ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 2938 |
| 2. | കൊല്ലം | 235 |
| 3. | പത്തനംതിട്ട | 0 |
| 4. | ആലപ്പുഴ | 332 |
| 5. | കോട്ടയം | 0 |
| 6. | ഇടുക്കി | 0 |
| 7. | എറണാകുളം | 178 |
| 8. | തൃശ്ശൂർ | 8 |
| 9. | പാലക്കാട് | 0 |
| 10. | മലപ്പുറം | 981 |
| 11. | കോഴിക്കോട് | 298 |
| 12. | വയനാട് | 0 |
| 13. | കണ്ണൂർ | 0 |
| 14. | കാസർഗോഡ് | 95 |
| | **ആകെ** | **5065** |

**അനുബന്ധം –II**

| ക്രമ നം. | ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 0 |
| 2. | കൊല്ലം | 108 |
| 3. | പത്തനംതിട്ട | 0 |
| 4. | ആലപ്പുഴ | 0 |
| 5. | കോട്ടയം | 0 |
| 6. | ഇടുക്കി | 0 |
| 7. | എറണാകുളം | 102 |
| 8. | തൃശ്ശൂർ | 0 |
| 9. | പാലക്കാട് | 0 |
| 10. | മലപ്പുറം | 74 |
| 11. | കോഴിക്കോട് | 19 |
| 12. | വയനാട് | 0 |
| 13. | കണ്ണൂർ | 0 |
| 14. | കാസർഗോഡ് | 0 |
| | **ആകെ** | **303** |